പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3924 | 21.06. 2019 ൽ മറുപടിക്ക്

**വൈദ്യുതി കുടിശ്ശിക**

ചോദ്യം
ശ്രീ.സണ്ണി ജോസഫ്

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പൊതുമേഖലയിലെവൻകിട വ്യവസായ സ്ഥാപനങ്ങളും എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളും വൈദ്യുതി കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗത്തിൽ നിന്നും കെ.എസ് ഇ.ബി.ക്ക് പിരിഞ്ഞ് കിട്ടേണ്ട തുക എത്രയാണ്; | (എ) വൻകിട വ്യവസായ സ്ഥാപനങ്ങളും എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളും വൈദ്യുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. 30.04.2019 – ലെ ക്രോഡീകരിച്ച കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ-ന് 820.83 കോടി രൂപയാണ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത് |
| (ബി) വൻ കുടിശ്ശിക പിടിച്ചെടുക്കാത്തത് മൂലം ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ ബോർഡ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കുടിശ്ശികയുമായി ബന്ധപ്പെട്ട് 219 കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്. പ്രസ്തുത കുടിശികകൾ വിവിധ കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരത്തിൽ ദീർഘകാലമായി തീർപ്പാക്കാത്ത കേസുകളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ബോർഡിന്റെ ലീഗൽ വിഭാഗവുമായി ബന്ധപ്പെട്ട്, കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>റവന്യൂ റിക്കവറി നടപടികളിൽപ്പെട്ട് കാലതാമസം നേരിടുന്ന തുകകൾ പിരിച്ചെടുക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാരുടെ റവന്യൂ റിക്കവറി മീറ്റിംഗുകളിൽ കെ.എസ്.ഇ.ബി ഓഫീസിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ റവന്യൂ റിക്കവറി നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ സാധിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ, അദാലത്തുകൾ എന്നിവയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാൻ ഒട്ടേറെ സഹായിക്കുന്നുണ്ട്.<br>41 കോടി രൂപയോളം കുടിശ്ശിക വരുത്തിയിട്ടുള്ള പൊതു മേഖലയിലും സഹകരണ മേഖലയിലും ഉള്ള സ്പിന്നിംഗ് മില്ലുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ബഹുമാനപ്പെട്ട വ്യവസായ - വൈദ്യുതി വകുപ്പ് മന്ത്രി തലത്തിൽ മീറ്റിംഗുകൾ നടത്തുകയും കുടിശ്ശിക തീർപ്പിനായുള്ള തീരുമാനം എടുക്കുവാൻ സാധിക്കുകയും ചെയ്തു.<br>എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക |

| | |
|---|---|
| | പിരിച്ചെടുക്കുന്നതിനായി പ്രസ്തുത സ്ഥാപനമേധാവികളുമായി ഫോണിൽ ബന്ധപ്പെടുകയും കുടിശ്ശിക നോട്ടീസുകൾ നല്കുകയും തുടർന്നും അടവ് വരുത്താത്ത സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക തുടങ്ങിയ കടുത്ത നടപടികൾ കൈക്കൊണ്ടും കുടിശ്ശിക പിരിച്ചെടുക്കു-വാൻ ശ്രമം നടത്തിവരുന്നുണ്ട്.<br>കേരള വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് സാധിച്ചത് എടുത്തു പറയാൻ സാധിക്കുന്നതാണ്.<br>ഇത്തരത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒട്ടേറെ നടപടികൾ കൈക്കൊ-ണ്ടിട്ടുണ്ട്. |
| (സി) കുടിശ്ശിക പിരിക്കുന്നത് സം ബന്ധിച്ച് കോടതിയുടെ പരിഗ-ണനയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ പെട്ടെന്ന് തീർപ്പാക്കുന്ന-തിന് ആവശ്യമായ ഇടപെടൽ ബോർഡ് കൈക്കൊള്ളുമോ; | (സി) വൈദ്യുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് 219 കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്. വൈദ്യുതി ബോർഡിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിലേക്കായി എറണാകുളം ലീഗൽ ലൈസൺ ഓഫീസ് പ്രവർത്തിച്ച് വരുന്നു. വൈദ്യുതി ബോർഡിന്റെ ജീവനക്കാരും വക്കീലന്മാരും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി പ്രത്യേക ശ്രദ്ധനൽകി പ്രവർത്തിക്കുന്നു. |
| (ഡി) ഈ സർക്കാർ അധികാര ത്തിൽ വന്നശേഷം സർക്കാറോ വൈദ്യുതി റെഗുലേറ്ററി കമ്മീഷ-നോ വൈദ്യുതി കുടിശ്ശിക ഒഴിവാ ക്കുകയോ പലിശ ഇളവ് നൽകു കയോ ചെയ്യുതിലൂടെ വൈദ്യുതി ബോർഡിന് ലഭിക്കാതെ പോയ തുക എത്രയെന്ന് വ്യക്തമാക്കു-മോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ഉപഭോക്താ-വിനും വൈദ്യുതി കുടിശ്ശിക ഒഴിവാക്കി നൽകിയിട്ടില്ല. എന്നാൽ കുടിശ്ശി-ക ഒറ്റ പ്രാവശ്യമായി അടച്ച് തീർക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക തവണകളായി അടയ്ക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം ഇപ്പോഴും നൽകി വരുന്നുണ്ട്. കുടിശ്ശി ക തുകയിന്മേലുള്ള പലിശ ഒരു ഉപഭാക്താവിനും ഒഴിവാക്കി നൽകിയ-ട്ടില്ല. എന്നാൽ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റ തവണ തീർപ്പാക്കൽ (OTS) പദ്ധതി പ്രകാരം കുടിശ്ശിക തുകയിന്മേലുള്ള 18% പലിശയിൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം രണ്ട് വർഷത്തിന് മുകളിൽ ഉള്ള കുടിശ്ശികയ്ക്ക് 8 ശതമാനവും അഞ്ച് വർഷത്തിന് മുകളിലുള്ള കുടിശ്ശികയ്ക്ക് 6 ശതമാനവും പലിശയാണ് ഈടാക്കുന്നത്. ഈ പദ്ധതി വർഷങ്ങ-ളായി തുടർന്ന് വരുന്നതും നൂറ് കണക്കിന് കുടിശ്ശികയുള്ള ഉപഭോക്താക്കൾ ഈ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കിയിട്ടുള്ളതുമാണ്. ഉപഭോക്താവിന് റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുള്ള പദ്ധതി പ്രകാരം ഉള്ള ഇളവുകൾ സ്ഥിരമായി നൽകുന്നതിനാൽ ഇതിന്റെ ആകെ തുക എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ